## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*288 — 10.07.2015 ൽ മറുപടിയ്ക്ക്

## നെൽ വയലുകളുടെ വിസ്തൃതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കണക്കുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) ഉണ്ട്. കഴിഞ്ഞ 30 വർഷത്തെ കണക്ക പ്രകാരം1981-82 ൽ 8,06,851 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നത് 1995-96 ൽ 4,71,150 ഹെക്ടറായും 2005-06 ൽ 2,75,744 ഹെക്ടറായും2012-13 ൽ 1,97,277 ഹെക്ടറായും കുറഞ്ഞിട്ടുണ്ട്. എന്നാൽ നെൽകൃഷിക്കായി നടപ്പിലാക്കിയ പദ്ധതികളിലൂടെ 2013-14 വർഷം 1,99,611 ഹെക്ടറായും 2014-15 വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം 2,04,000 ഹെക്ടറായും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർധിച്ചിട്ടുണ്ട്. |
| (ബി) പ്രധാന നെല്ലുൽപാദന കേന്ദ്രങ്ങളിൽ കൃഷി ഭൂമി തരിശിടുന്നതിന്റേയും മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തു-ന്നതിന്റേയും കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ; | (ബി) നെൽകൃഷിക്കുള്ള അടിസ്ഥാന സൗകര്യ-ങ്ങളുടെ അപര്യാപ്തത, നീർവാർച്ച സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിയും, പാർപ്പിട വാണിജ്യാ-വശ്യങ്ങൾക്കായി നെൽവയൽ നികത്തി ഉപയോഗിക്കുന്ന പ്രവണത എന്നിവ നെൽകൃഷി വിസ്തൃതി കുറയുന്നതിനും കൃഷി ഭൂമി തരിശിടുന്നതിനും കാരണമാകുന്നുണ്ട്. ഇതു സംബന്ധിച്ച പ്രത്യേക പഠനം കൃഷി വകുപ്പ് നടത്തിയിട്ടില്ല. നെൽകൃഷിക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതി-കളുടെയും തരിശുനില കൃഷിക്കായി നൽകുന്ന സഹായങ്ങളുടെയും ഫലമായി നെൽകൃഷി ചെയ്യാതെ ഭൂമി തരിശിടുന്ന പ്രവണത സംസ്ഥാനത്ത് വളരെ കുറഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (സി) ചെലവേറിയ ജൈവകൃഷിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ചെലവുമായി താരതമ്യപ്പെടുത്തി കർഷകന് വില ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (സി) ജൈവ കൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് നിലവിൽ കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നുണ്ട്. 2012-13 വർഷം മുതൽ ജൈവകൃഷി പ്രോൽസാഹനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ജൈവ ഉൽപന്നങ്ങളുടെ വിപണനത്തിനായി ആറ് ഇക്കോഷോപ്പുകൾ ആരംഭിക്കുകയുണ്ടായി. ഇവയിൽ നാലെണ്ണം നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. ഇവയിലൂടെ കർഷകരുടെ ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. 2015-16 വർഷം വി.എഫ്.പി.സി.കെ മുഖേന കർഷകരുടെ ജൈവ ഉല്പന്നങ്ങൾ അധികവില നൽകി സംഭരിക്കാൻ ധാരണയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**